## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2252 16/08/2017-ൽ മറുപടിയ്ക്ക്

# നോട്ട് നിരോധനം മൂലം സഹകരണ മേഖലയിൽ ഉണ്ടായ പ്രതിസന്ധി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.വി. അബ്ദുറഹിമാൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | നോട്ട് നിരോധനം മൂലം സഹകരണ മേഖലയിൽ ഉണ്ടായ പ്രതിസന്ധിയും തന്മൂലം ഉണ്ടായ നഷ്ടവും വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും ഒരാഴ്ചയിൽ 24,000/- രൂപ മാത്രമേ ഒരു അക്കൗണ്ടിൽ നിന്നും പിൻവലിക്കുവാൻ കഴിഞ്ഞിരുന്നുള്ളൂ. സഹകരണ മേഖലയിൽ 1.90 കോടി ഇടപാടുകാരുടെ ദൈനംദിന ആവശ്യങ്ങൾ നിറവേറ്റുന്നതിന് ലഭ്യമായ മേൽ തുക അപര്യാപ്തമായിരുന്നു. സാധുവായ കറൻസി ഉപയോഗിച്ച് നാമമാത്രമായ ഇടപാടുകൾ മാത്രമേ സംഘങ്ങളിൽ നടന്നുള്ളൂ. സംഘങ്ങളുടെ വായ്പാ വിതരണവും, തിരിച്ചടവും നിക്ഷേപവുമുൾപ്പെടെ ഇടപാടുകൾ തടസ്സപ്പെട്ടു. വായ്പേതര പ്രവർത്തനങ്ങൾ നടത്തുന്ന പ്രാഥമിക സംഘങ്ങളിലെ ദൈനംദിന പ്രവർത്തനങ്ങൾ മുടങ്ങി. പ്രാഥമിക സംഘങ്ങളിൽ അക്കൗണ്ടുള്ള അംഗങ്ങൾ അവരുടെ എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ച തുക ജില്ലാ സഹകരണ ബാങ്കിലെ കറന്റ് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ട സാഹചര്യം പ്രാഥമിക സംഘങ്ങൾക്ക് നഷ്ടത്തിന് കാരണമായി. സഹകരണ മേഖലയെ ആശ്രയിക്കുന്ന ഗ്രാമീണ ജനതയുടെ ദൈനംദിന സാമ്പത്തികാവശ്യങ്ങൾ നിറവേറ്റാൻ കഴിയാതെ വന്നു. |

| | | | |
|---|---|---|---|
| | | | സാധ്യമായ കറൻസി ഉപയോഗിച്ച് നാമമാത്രമായ ഇടപാടുകൾ മാത്രമേ സംഘങ്ങളിൽ നടന്നുള്ളൂ. സംഘങ്ങളുടെ പ്രാധാന പ്രവർത്തനമായ വായ്പാ വിതരണവും, തിരിച്ചടവും, നിക്ഷേപവുമുൾപ്പെടെയുള്ള ഇടപാടുകൾ തടസ്സപ്പെട്ടു. ആവശ്യമായ നിക്ഷേപ തുക പിൻവലിക്കുവാൻ കഴിയാതെ വന്നത് സാധാരണക്കാരുടെ ദുരിതം വർദ്ധിപ്പിച്ചു. ദൈനംദിന സാമ്പത്തിക ആവശ്യങ്ങൾക്ക് സഹകരണ ബാങ്കുകളെ ആശ്രയിച്ചിരുന്ന ഗ്രാമീണ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ കഴിയാതിരുന്നത് ജനജീവിതം ദുരിതപൂർണ്ണമായി. സഹകരണ ബാങ്കുകൾ/ സംഘങ്ങളുടെ വായ്പാകുടിശ്ശിക വർദ്ധിച്ചു. ജില്ലാ സഹകരണ ബാങ്കുകളുടെ മൂലധന പര്യാപ്തതയെ നോട്ട് പിൻവലിക്കൽ മൂലമുണ്ടായ പ്രതിസന്ധി പ്രതികൂലമായി ബാധിച്ചു.<br><br>സഹകരണ ബാങ്കുകളിലെ സ്ഥിരനിക്ഷേപങ്ങൾ മറ്റു ബാങ്കുകളിലേക്ക് മാറ്റുന്ന സാഹചര്യമുണ്ടായി. നോട്ട് നിരോധനത്തിന് ശേഷം സഹകരണ ബാങ്കുകളുടെ അറ്റനിക്ഷേപത്തിൽ 6386.18 കോടിരൂപയുടെ കുറവ് വന്നിരുന്നു. സഹകരണ ബാങ്കുകൾ നൽകുന്ന വായ്പയിൽ ഏകദേശം 30% കുറവും വായ്പാ തിരിച്ചടവിൽ 44.2% കുറവും വന്നിരുന്നു. |
| (ബി) | പ്രസ്തുത പ്രതിസന്ധി മറികടക്കാൻ സഹകരണ മേഖലയിൽ പ്രത്യേക പദ്ധതി എന്തെങ്കിലും ആവിഷ്കരിച്ചിരുന്നോ; ഇതിനായി നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിവരം ലഭ്യമാക്കുമോ; | (ബി) | സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തവർക്കും ജപ്തി നടപടികൾ നേരിട്ടവർക്കും ആശ്വാസം നൽകുന്നതിനായി 2017 ഫെബ്രുവരി 1 മുതൽ മാർച്ച് 31 വരെ 'നവകേരളീയം കുടിശ്ശിക നിവാരണം പദ്ധതി' എന്ന പേരിൽ വായ്പ എടുത്തവർക്ക് ഇളവ് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ നോട്ട് നിരോധനം മുഖേന സഹകരണ ബാങ്കിംഗ് മേഖലയിൽ ഉണ്ടായ പ്രായോഗിക തടസ്സം പരിഹരിക്കുന്നതിനായി റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നിർബന്ധിത ജപ്തി നടപടികൾക്ക് 31.03.2017 വരെ മോറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. |
| (സി) | നോട്ട് നിരോധനം സൃഷ്ടിച്ച പ്രതിസന്ധി മറികടക്കാൻ കേരളത്തിലെ സഹകരണ മേഖലയ്ക്ക് കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | നോട്ട് നിരോധനം സൃഷ്ടിച്ച പ്രതിസന്ധി മറികടക്കുന്നതിലേക്കായി, നിക്ഷേപകരുടെ വിശ്വാസം ആർജ്ജിക്കുന്നതിനും നിക്ഷേപം സമാഹരിക്കുന്നതിനുമായി 2016 ഡിസംബർ 10 |

| | | | |
|---|---|---|---|
| | | | മുതൽ 2017 ജനുവരി 10 വരെയുള്ള ഒരു മാസക്കാലം സഹകരണ മേഖല സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചു. 2016 ഡിസംബർ 18 സഹകരണ മേഖല സംരക്ഷണ ദിനമായി ആചരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനതലത്തിലും, ജില്ലാതലത്തിലും, താലൂക്ക് തലത്തിലും, സംഘം തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സഹകാരികൾ കേരളത്തിലെ 17,20,682 ഭവനങ്ങൾ സന്ദർശിച്ചു. 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 31 വരെ നിക്ഷേപ സമാഹരണ യജ്ഞം നടത്തി. മേൽ നടപടികളുടെ അടിസ്ഥാനത്തിൽ നോട്ട് നിരോധനം സൃഷ്ടിച്ച പ്രതിസന്ധിയെ മറികടക്കുവാൻ സഹകരണ മേഖലയ്ക്ക് കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ